URGENT

"ഭരണഭാഷ മാതൃഭാഷ"

നം.എസ് 2(എ) 30220/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം, തീയതി :30.05.2018.

പ്രേഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്
വിദ്യാഭ്യാസ ഉപഡയറക്ടർ,
14 ജില്ലകൾക്കും.

സർ,

വിഷയം:-പൊതുവിദ്യാഭ്യാസ വകുപ്പ് - 2018-19 അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിനത്തിലെ കുട്ടികളുടെ കണക്കെടുപ്പ് - സംബന്ധിച്ച്
സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.05.2018 ലെ എസ്2(എ)30220/ഡി.പി.ഐ. നമ്പർ സർക്കുലർ.

മേൽ സൂചന സർക്കുലറിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2018-19 അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനമായ **2018 ജൂൺ 8** അടിസ്ഥാനപ്പെടുത്തിയുള്ള കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ സമ്പൂർണ്ണയിലൂടെ ഓൺലൈനായി രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മേൽ സൂചന പ്രകാരം നൽകിയ സർക്കുലറിൽ, ഉയർന്ന ക്ലാസ്സുകളിലേക്കുള്ള പ്രമോഷൻ/ക്ലാസ് ട്രാൻസ്ഫർ മുതലായ കാര്യങ്ങൾ 21.05.2018 മുതൽ ചെയ്യുവാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. എന്നാൽ 50% സ്കൂളുകൾ മാത്രമേ പ്രസ്തുത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നുള്ളൂ. ആയതിനാൽ അവസാന നിമിഷ തിരക്ക് പരമാവധി ഒഴിവാക്കുന്നതിനും വിവരശേഖരണത്തിലെ കൃത്യത ഉറപ്പുവരുത്തുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിച്ചുകൊണ്ട്, ആറാം പ്രവൃത്തിദിനത്തിലെ വിവരശേഖരണം കൃത്യവും സമയബന്ധിതവുമാക്കി തീർക്കുവാൻ താൽപ്പര്യപ്പെടുന്നു.

1. 2017-18 അദ്ധ്യയന വർഷം ഉണ്ടായിരുന്ന അർഹരായ എല്ലാ കുട്ടികളെയും 2018-19 വർഷത്തേക്ക് സമ്പൂർണ്ണയിൽ ക്ലാസ് പ്രമോഷൻ/ക്ലാസ് ട്രാൻസ്ഫർ നടത്തിയിട്ടുണ്ടെന്നും എല്ലാവരെയും സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പുവരുത്തുക.
2. പുതുതായി ചേർന്ന എല്ലാ കുട്ടികളെയും സംബന്ധിക്കുന്ന വിവരങ്ങൾ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പുവരുത്താനും പുതുതായി വന്നുകൊണ്ടിരിക്കുന്ന കുട്ടികളുടെ വിവരങ്ങളും താമസംവിനാ രേഖപ്പെടുത്തുവാനും പ്രത്യേകം ശ്രദ്ധിക്കുക.
3. നിലവിലുള്ള കുട്ടികളെ സംബന്ധിക്കുന്ന, സമ്പൂർണ്ണയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും കൃത്യമായും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഒരിക്കൽ കൂടി പരിശോധിച്ചു ഉറപ്പുവരുത്തുക.
4. വിടുതൽ സർട്ടിഫിക്കറ്റ് വിതരണം, നീക്കം ചെയ്യൽ, പുതിയ പ്രവേശനം എന്നിവ സംബന്ധിച്ച എല്ലാ വിവരങ്ങളും സമ്പൂർണ്ണയിൽ രേഖപ്പെടുത്തേണ്ടതാണ്.
5. സ്കൂളിനെ സംബന്ധിക്കുന്ന നിലവിൽ നൽകിയിട്ടുള്ള വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമെങ്കിൽ കൃത്യമായും രേഖപ്പെടുത്തുക.
6. സൂചന (1) ലെ സർക്കുലറിൽ പറഞ്ഞിരിക്കുന്ന വിവരശേഖരണവുമായി ബന്ധപ്പെട്ട സമയക്രമം കൃത്യമായി പാലിക്കപ്പെടുന്നു എന്നുറപ്പുവരുത്തുക.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്,
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ്: 1. എല്ലാ ഡി.ഇ.ഒ/എ.ഇ.ഒ. മാർക്കും
2. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ. മുഖേന).